പോലീസ് വാനിൽ ഫോറസ്റ്ററിലെ തേക്കുതടി കടത്തിയ സംഭവം

1327. [2000] ശ്രീ. പി. സി. തോമസ് (കടത്തുരുത്തി) :
,, ജി. വരദൻ :
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വാനിൽ ഫോറസ്റ്ററിലെ തേക്കുതടി കടത്തിയ പോലീസുകാരെ പിടികൂടിയ വനം വകുപ്പു ഉദ്യോഗസ്ഥൻമാരിൽ ആരെയെങ്കിലും കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ സ്ഥലം മാറിയിട്ടുണ്ടോ ;

(ബി) പത്തനാപുരം റേഞ്ച് ആഫീസർ ശ്രീ. എസ്. കാർത്തികേയൻ പിള്ളയെ നെയ്യാർ ഡാമിലെ വന്യ ജീവി പാർക്കിലേക്ക് സ്ഥലം മാറിയിട്ടുണ്ടോ ;

(സി) തേക്കുമരം മുറിച്ച് പോലീസ് വാനിൽ കടത്താൻ ശ്രമിച്ചതിന് അറസ്റ്റ് ചെയ്യപ്പെട്ട പോലീസുകാർ ആരൊക്കെയാണ് ?

ഉത്തരം

(എ) തേക്കുതടി കളളക്കടത്ത് നടത്തിയ പോലീസുകാരെ പിടികൂടി എന്ന കാരണത്താൽ ആരെയും കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ സ്ഥലം മാറിയിട്ടില്ല.

(ബി) ഉണ്ട്. ഭരണപരമായ കാരണങ്ങളാൽ ശ്രീ. എസ്. കാർത്തികേയൻ പിള്ളയെ സ്ഥലം മാറിയിട്ടുണ്ട്. അതിനുള്ള തീരുമാനം തേക്കുതടി കയറ്റിയ പോലീസ് വാൻ പിടിക്കുന്നതിനുമുമ്പു തന്നെ എടുത്തിരുന്നതാണ്.

(സി) കൊല്ലം ആംഡ് റിസർവ്വ് ക്യാമ്പിലെ ഹെഡ് കോൺസ്റ്റബിൾ ശ്രീ. ചന്ദ്രൻപിള്ള, ടി.ക്യാമ്പിലെ പോലീസ് വാൻ ഡ്രൈവർ സ്റ്റീഫൻ മകൻ അലക്സാണ്ടർ എന്നിവരെയാണ് അറസ്റ്റുചെയ്തത്.

ആന നിരത്തി തേക്കു തോട്ടത്തിന്റെ പരിപാലനത്തിന് ചെലവഴിച്ച തുക

1328. [2001] ശ്രീമതി ഭാർഗവി തങ്കപ്പൻ :
ശ്രീ. കെ. ഇ. ഇസ്മയിൽ :
,, വി. കെ. രാജൻ :
,, പി. വിജയദാസ് :
,, എം. കെ. കേശവൻ :
,, കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ പരുത്തിപ്പള്ളി റേഞ്ചിലെ ആന നിരത്തി എന്ന തേക്കു തോട്ടത്തിന്റെ പരിപാലനത്തിനായി ആകെ എത്ര രൂപ ചെലവഴിച്ചു ;

(ബി) ഈ തോട്ടത്തിൽ നട്ട തൈകൾ എത്ര ;

(സി) ഇപ്പോൾ എത്ര എണ്ണം ഉണ്ട് ;

(ഡി) ഓരോ പ്രാവശ്യവും പരിപാലനത്തിനായി വൻതുകകൾ ചെലവ് ചെയ്യുമ്പോൾ മേൽപ്പടി തോട്ടത്തിന്റെ നിലനിൽപ്പും അപ്പോഴത്തെ അവസ്ഥയും എന്താണെന്ന് പരിശോധിക്കാറുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly